**<u>തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ഡയറക്ടറുടെ നടപടിക്രമം</u>**

**(ഹാജർ : Ajithkumar M P)**

വിഷയം : തദ്ദേശസ്വയംഭരണ വകുപ്പ് - പ്രിൻസിപ്പൽ ഡയറക്ടറേറ്റ്–ജീവനക്കാര്യം - ഓവർസീയർ ഗ്രേഡ് III / ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ് III തസ്തികയിലെ 2024 വർഷത്തെ ഓൺലൈൻ പൊതുസ്ഥലംമാറ്റം - നിയമനം ലഭിക്കാത്ത ജീവനക്കാർക്ക് നിയമനം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം: 1) തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 20.08.2024 ലെ LSGD/PD/6478/2024-DED1-Part (1) നമ്പർ ഉത്തരവ്

2) തിരുവനന്തപുരം നഗരസഭാ സൂപ്രണ്ടിങ്ങ് എഞ്ചിനീയറുടെ 28/09/2024 ലെ GE5/70298/23 നമ്പർ കത്ത്

<u>**ഉത്തരവ് നമ്പർ** LSGD/PD/31637/2024-DEE2 **തീയതി: 21-10-2024**</u>

ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പ് 2024 വർഷത്തെ ഓൺലൈൻ പൊതു സ്ഥലം മാറ്റം പരാമർശം (1) ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിരുന്നു. എന്നാൽ ലഭിച്ച സ്റ്റേഷനുകളിൽ നിയമിക്കപ്പെട്ടവർക്ക് ആനുപാതികമായി ഒഴിവില്ലാത്ത കാരണത്താൽ നിയമിക്കപ്പെട്ട സ്റ്റേഷനുകളിൽ സേവനത്തിൽ പ്രവേശിക്കുവാൻ കഴിയാത്ത സാഹചര്യമുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

പരാമർശം (1) ഉത്തരവിൽ, തിരുവനന്തപുരം നഗരസഭയിലെ മൂന്നാംതരം ഓവർസിയർ തസ്തികയിലെ ഒരു ഒഴിവിലേയ്ക്ക് രണ്ട് പേരെ നിയമിച്ചിട്ടുള്ളതായി കാണുന്നു. ടി ഒഴിവിലേയ്ക്ക് ഒരാൾ തിരുവനന്തപുരം നഗരസഭയിൽ സേവനത്തിൽ പ്രവേശിച്ചിട്ടുണ്ട്. മേൽ സാഹചര്യത്തിൽ തിരുവനന്തപുരം നഗരസഭയിലെ മൂന്നാംതരം ഓവർസിയറുടെ ഓപ്പൺ ഒഴിവിലേയ്ക്ക് നിയമിച്ചിട്ടുള്ള ശ്രീമതി. ഷിൽജ എസ്.എസ്. എന്നവരെ നഗരസഭയിൽ ജോലിയിൽ പ്രവേശിപ്പിക്കാൻ കഴിഞ്ഞിട്ടില്ല എന്ന് പരാമർശം (2) പ്രകാരം അറിയിച്ചിരിക്കുന്നു. ചങ്ങനാശ്ശേരി നഗരസഭയിൽ നിന്നും പ്രസവാവധിയിൽ പ്രവേശിച്ചിരുന്ന ശ്രീമതി. ഷിൽജ എസ്.എസ് എന്നവരെ ടി നഗരസഭയിൽ നിന്നും വിടുതൽ ചെയ്തിട്ടുള്ളതും തിരുവനന്തപുരം നഗരസഭയിൽ സേവനത്തിൽ പ്രവേശിപ്പിക്കുന്നതിന് ടിയാരി 20.09.2024 ന് അപേക്ഷ സമർപ്പിച്ചിട്ടുള്ളതുമാണ്.

തിരുവനന്തപുരം നഗരസഭയിലും ടിയാരിയുടെ മറ്റ് ഓപ്ഷനുകളിലും മൂന്നാംതരം ഓവർസിയർ തസ്തികയിൽ നിലവിൽ ഒഴിവില്ലാത്തതിനാൽ തിരുവനന്തപുരം ജില്ലയിൽ നിലവിൽ ഒഴിവ് വന്നിട്ടുള്ള വക്കം ഗ്രാമപഞ്ചായത്തിലെ മൂന്നാംതരം ഓവർസിയർ തസ്തികയിൽ ടിയാരിയ്ക്ക് നിയമനം നൽകി ഉത്തരവാകുന്നു. ടിയാരി പൊതുസ്ഥലം മാറ്റത്തിന് അപേക്ഷിച്ചിട്ടുള്ള ഓപ്ഷനുകളിൽ ആദ്യം വരുന്ന ഒഴിവിലേയ്ക്ക് പിന്നീട് സ്ഥലം മാറ്റം അനുവദിക്കുന്നതാണ്.

ബന്ധപ്പെട്ട നിയന്ത്രണാധികാരി ഈ ഉത്തരവ് ഉടനടി പ്രാബല്യത്തിൽ വരുത്തേണ്ടതും പ്രവേശനം സംബന്ധിച്ച വിവരം ഈ കാര്യാലയത്തിൽ അറിയിക്കേണ്ടതുമാണ്.

Ajithkumar M P

**ADDITIONAL DIRECTOR**

ബന്ധപ്പെട്ട ജീവനക്കാരിയ്ക്ക്

പകർപ്പ് :
1. ജില്ലാ ജോയിന്റ് ഡയറക്ടർ, തദ്ദേശസ്വയംഭരണവകുപ്പ്, തിരുവനന്തപുരം
2. സൂപ്രണ്ടിങ്ങ് എഞ്ചിനീയർ, തിരുവനന്തപുരം നഗരസഭ
3. എക്സിക്യൂട്ടീവ് എഞ്ചിനീയർ, ജില്ലാ പഞ്ചായത്ത്, തിരുവനന്തപുരം
4. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ചിറയിൻകീഴ് ബ്ലോക്ക് പഞ്ചായത്ത്
5. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ചങ്ങനാശ്ശേരി നഗരസഭ
6. കരുതൽ ഫയൽ / ഓഫീസ് കോപ്പി

Signed by
Ajith Kumar M P
Date: 21-10-2024 16:38:00